LIBRARY ARCHIVES Kerala Legislative Assembly

മാടായിക്കാവിലെ ക്ഷേത്രകലാ അക്കാദമി

131(831) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 7-8-2015-ന് ഉദ്ഘാടനം ചെയ്ത കണ്ണൂർ ജില്ലയിലെ മാടായിക്കാവിലെ ക്ഷേത്രകലാ അക്കാദമിയിൽ ഏതൊക്കെ കോഴ്സുകൾ തുടങ്ങുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; കോഴ്സുകൾ എപ്പോൾ ആരംഭിക്കും;

(ബി) പ്രസ്തുത അക്കാദമിയുടെ സുഗമമായ പ്രവർത്തനത്തിന് നടപ്പ് സാമ്പത്തിക വർഷം ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ക്ഷേത്രകലാ അക്കാദമിയിൽ വാദ്യത്തിന് പാർട്ട്ടൈം കോഴ്സ് ആരംഭിക്കുന്നതിന് 8-1-2016-ലെ മലബാർ ദേവസ്വം ബോർഡ് യോഗതീരുമാന പ്രകാരം ദേവസ്വം ബോർഡ് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ ഫണ്ട് അനുവദിക്കുന്നതിലേക്കായി പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്.

മാടായിപ്പാറയിൽ ഫയർ സ്റ്റേഷന് സ്ഥലം അനുവദിക്കൽ

132(832) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി കേന്ദ്രീകരിച്ച് മാടായിപ്പാറയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി തിരുവർക്കാട്ട് കാവ് ക്ഷേത്രത്തിന്റെ അധീനതയിലുള്ള 50 സെന്റ് സ്ഥലം ഫയർഹോഴ്സ് വകുപ്പിന് കൈമാറുന്നതിന് ദേവസ്വം വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വേനൽക്കാലത്ത് ഇടക്കിടെ മാടായിപ്പാറയിൽ ഉണ്ടാകുന്ന തീപിടുത്തം കണക്കിലെടുത്ത് ദേവസ്വം വകുപ്പ് ഇതിനാവശ്യമായ അനുകൂല നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) മലബാർ ദേവസ്വംബോർഡിന് കീഴിലെ ദേവസ്വം ഭൂമി അതാത് ദേവസ്വങ്ങൾക്കുതന്നെ അവകാശപ്പെട്ടതും ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തി-

LIBRARY ARCHIVES Kerala Legislative Assembly

ള്ളതുമാണ്. മാടായിപ്പാറയിൽ ഹയർ സ്റ്റേഷൻ രൂപീകരിക്കുന്നതിന് ക്ഷേത്രഭൂമി വിട്ടുനൽകേണ്ടതില്ലെന്ന് മലബാർ ദേവസ്വം ബോർഡ് തീരുമാനമെടുത്തിട്ടുള്ളതായി ദേവസ്വം കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇക്കാര്യത്തിൽ സർക്കാരിന് അനുകൂല നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ല.

ശുദ്ധജല വിതരണ പദ്ധതി

133(833) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നശേഷം ചേറ്റുവാ-അഴീക്കോട് അസംബ്ലി മണ്ഡലത്തിലെ കരിമ്പുഴ ശുദ്ധജല വിതരണ പദ്ധതിയ്ക്കായി എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയത്;

(ബി) എത്ര കി. മീറ്റർ വിതരണ ശൃംഖല സ്ഥാപിക്കാനാണ് തീരുമാനിച്ചിരുന്നത്; എത്ര പാക്കേജുകളിലായാണ് പൂർത്തിയാക്കിയത്; വിശദാംശം ലഭ്യമാക്കാമോ; എത്ര കണക്ഷനുകൾ നൽകി;

(സി) ശ്രീകൃഷ്ണപുരം ശുദ്ധജലവിതരണ പദ്ധതിയ്ക്കായി എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയത്; എത്ര പാക്കേജുകൾ പൂർത്തീകരിച്ചു; എത്ര കണക്ഷനുകൾ നല്കി; എത്ര ഗുണഭോക്താക്കൾക്ക് ഇതിന്റെ ഗുണം ലഭിക്കും; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നശേഷം NRDWP 2013 കരിമ്പുഴ ശുദ്ധജലവിതരണ പദ്ധതിയിലെ പഴയതും കേടുവന്നതുമായ എ.സി. പൈപ്പുകൾ മാറ്റി ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി 8.33 കി. മീ., 480 ലക്ഷം രൂപയുടെയും കരിമ്പുഴ 1, 2 വില്ലേജിലെ ബാക്കി വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി 74.20 കി.മീ. 500 ലക്ഷം രൂപയുടെയും എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) വിതരണ ശൃംഖലയുടെ പ്രവൃത്തികൾ 4 പാക്കേജുകളായിട്ടാണ് പൂർത്തീകരിച്ചത്.

(എ) മേലെ 1-ലേക്കുള്ള വിതരണ ശൃംഖല 350 എം.എം. മുതൽ 110 എം.എം. വരെ വ്യാസമുള്ള പൈപ്പുകൾ സ്ഥാപിക്കൽ - 17.44 കി. മീ.